"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. EWB3/104/2024-LSGD

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 07-11-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകുന്നത്- സംബന്ധിച്ച്

സൂചന:- 1.04.07.2024 തീയതിയിലെ EWB3/104/2024-LSGD നമ്പർ സർക്കുലർ

2.ചീഫ് എഞ്ചിനീയറുടെ 26.07.2024 തീയതിയിലെ LSGD/PD/21366/2024-DB2 നമ്പർ കത്ത്

2024-2025 അധ്യയന വർഷം സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങളിൽ വ്യക്തത വരുത്തണമെന്ന് സൂചന (2) പ്രകാരം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

മേൽ നിർദ്ദേശം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1) സർക്കുലറിലെ ഖണ്ഡിക (2),(7),(8) എന്നിവയിൻമേൽ ചുവടെ ചേർത്തിരിക്കും പ്രകാരം സ്പഷ്ടീകരണം നല്കുന്നു.

**ഖണ്ഡിക (2):** സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കെട്ടിടങ്ങൾ ക്രമവൽക്കരിയ്ക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ചട്ടപ്രകാരം പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളിൽ യാതൊരുവിധ ഇളവും നൽകാൻ സൂചന (1)-ലെ സർക്കുലർ നിർദ്ദേശിച്ചിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച്

സർക്കാർ പുറപ്പെടുവിച്ച 09/02/2024 തീയതിയിലെ സ.ഉ(പി) നം.20/2024/എൽ.എസ്.ജി.ഡി, സ.ഉ(പി)നം.21/2024/എൽ.എസ്.ജി.ഡി എന്നീ ഉത്തരവുകളിൽ പരാമർശിക്കുന്ന തരത്തിൽ കെ.എം.ബി.ആർ/കെ.പി.ബി.ആർ വ്യവസ്ഥകളിൽ അനുവദനീയമായ ഇളവുകൾ മാത്രം നൽകുക എന്നത് മാത്രമേ ടി സർക്കുലർ ഉദ്ദേശിച്ചിരുന്നുള്ളൂ.

**ഖണ്ഡിക (7)**: 15/02/2021 ലെ നം.EWA3/179/2020-LSGD സർക്കുലർ പ്രകാരം 01.01.2012-ന് ശേഷം ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങൾക്ക് 1.25 ശതമാനം നിരക്കിൽ സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അത് നിലവിൽ പ്രാബല്യത്തിൽ ഉള്ള സർക്കാർ നിർദ്ദേശമാണ്. സൂപ്പർ വിഷൻ ചാർജ്ജ് ഈടാക്കുന്ന സംഗതി, പൊതുമരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് പുറപ്പെടുവിച്ച മുൻ നിർദ്ദേശങ്ങളുടെ തുടർച്ചയായിരുന്നു ഇപ്പോഴും നിലവിലുള്ള 2021 ലെ സർക്കുലർ. അതിൽ നിന്ന് മാറ്റം വരുത്തുന്നതിന് പ്രത്യേകിച്ചൊരു തീരുമാനവും പരാമർശം (1)-ലെ സർക്കുലറിൽ പ്രതിപാദിയ്ക്കുന്നില്ല. സൂപ്പർ വിഷൻ ചാർജ്ജ് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിക്കേണ്ടതാണ് എന്നത് കൊണ്ടുദ്ദേശിയ്ക്കുന്നത്, നിലവിൽ പ്രാബല്യത്തിലുള്ള സർക്കുലർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ യോഗ്യത ഉള്ളവയ്ക്ക് (01.01.2012-ന് മുൻപ് ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായവയ്ക്ക്) അർഹമായ ആനുകൂല്യം നൽകുക എന്നത് മാത്രമാണ്. 01.01.2012 -ന് ശേഷം ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭ്യമായ കെട്ടിടങ്ങൾക്ക് സൂപ്പർവിഷൻ ചാർജ്ജ് ഒഴിവാക്കുക എന്നത് അല്ല.

**ഖണ്ഡിക (8)**: അനധികൃത നിർമ്മാണം സാധൂകരിയ്ക്കാനോ ഇളവ് നൽകാനോ യാതൊന്നും പരാമർശം (1)-ലെ സർക്കുലർ നിർദ്ദേശിയ്ക്കുന്നില്ല. എന്നാൽ അടുത്ത അധ്യായന വർഷത്തിനു മുമ്പായി ആവശ്യമായ രേഖകൾ സമർപ്പിച്ച് റഗുലറൈസ് ചെയ്യേണ്ടതാണ് എന്ന നിബന്ധനയോടെ 2024-2025 അധ്യയന വർഷത്തേക്ക് മാത്രമായി താൽക്കാലിക ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകുവാനും, നിബന്ധനകളിൽ 2025-2026 അധ്യയന വർഷത്തിന് മുമ്പായി പാലിക്കുന്നതാണെന്ന സത്യവാങ്മൂലം അതത് സ്കൂൾ അധികൃതർ ഹാജരാക്കേണ്ടതാണ് എന്നുമാണ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത്.

ഉത്തരവിൻ പ്രകാരം

ബിജുക്കുട്ടൻ എം എസ്

അഡീഷണൽ സെക്രട്ടറി

Signed by
Keerthi I P
Date: 07-11-2024 17:32:05

സെക്ഷൻ ഓഫീസർ.

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യഭ്യാസ വകുപ്പ്, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

പൊതു വിദ്യഭ്യാസ വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി